**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3608 — 10/04/2013-ൽ മറുപടിയ്ക്ക്

**തെങ്ങുകൃഷി വ്യാപനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, എൻ. എ. നെല്ലിക്കുന്ന് | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ പരമ്പരാഗത രീതിയിലെ തെങ്ങുകൃഷിയും തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും കുറഞ്ഞു വരികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ; | ബി) കൃഷി വകുപ്പിലൂടെ വിവിധ നാളികേര വികസന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതു വഴി തെങ്ങുകൃഷിയുടെ വിസ്തൃതിയിലും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. |
| സി) തെങ്ങുകൃഷിയിലെ കുറവും, പാളിച്ചകളും സംസ്ഥാനത്തിന്റെ സാമ്പത്തിക പാരിസ്ഥിതിക മേഖലയ്ക്കുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) കൃഷി വകുപ്പിൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല. |
| ഡി) ഇക്കാര്യത്തിൽ വിദഗ്ദരുടെ അഭിപ്രായ രൂപീകരണം നടത്തി പുനരുദ്ധാരണപ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കുമോ? | ഡി) തെങ്ങു കൃഷി മേഖലയിൽ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ, അവരുടെ അനുഭവങ്ങളിലൂടെ കേട്ട് മനസ്സിലാക്കി അവ ഒരു പരിധി വരെ തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് തെങ്ങിനുള്ള പരിചരണം, ഇടവിളകൃഷി, യന്ത്രവൽക്കരണം, കൊപ്രാ സംഭരണം, പച്ചത്തേങ്ങാ സംഭരണം, |

സംസ്ക്കരണ യൂണിറ്റുകളുടെ സ്ഥാപനം, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം, രോഗകീട നിയന്ത്രണം, ഡ്രിപ്-സ്പ്രിംഗ്ളർ ജലസേചനം തുടങ്ങി വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ